ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

247 (3354) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ബസ്സുകൾ എത്രയെന്നും ഇതിനായി എത്ര ബസ്സുകൾ ഡിപ്പോയ്ക്ക് നൽകിയിരുന്നുവെന്നും എത്ര ജീവനക്കാരെ ഡിപ്പോയിൽ നിയമിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകൾ എത്രയെന്നും ഇതിലേയ്ക്ക് എത്ര ബസുകളും എത്ര ജീവനക്കാരെയും നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ് നിമിത്തം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചാത്തന്നൂർ ഡിപ്പോയിൽ ഫാസ്റ്റ്, ഓർഡിനറി, മിനി ബസ്സ് എന്നീ ഇനങ്ങളിൽ 50 ഷെഡ്യൂളുകളിലായി 56 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

1-5-2011-ലെ കണക്ക് പ്രകാരം 171 കണ്ടക്ടർമാരെയും 128 ഡ്രൈവർമാരെയും 33 മെക്കാനിക്കുകളെയും ചാത്തന്നൂർ ഡിപ്പോയിൽ നിയമിച്ചിരുന്നു.

(ബി) നിലവിൽ 3 ജെൻറം സർവ്വീസ് ഉൾപ്പെടെ 62 ഷെഡ്യൂളുകളിലായി 60 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

നിലവിൽ 154 കണ്ടക്ടർമാരേയും 137 ഡ്രൈവർമാരെയും 22 മെക്കാനിക്കുകളെയും നൽകിയിട്ടുണ്ട്.

(സി) മതിയായ യാത്രക്കാരെ ലഭിക്കാതെ വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ ബസ്സിന്റെ കുറവുമൂലം പ്രസ്തുത ഡിപ്പോയിൽ താൽക്കാലികമായി റദ്ദാക്കാറുണ്ട്. നിലവിൽ സ്പെയർ ബസ്സുകൾ ഉൾപ്പെടെ 7 ഓർഡിനറി ബസ്സുകളുടെ കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ ഡിപ്പോയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അന്തർ സംസ്ഥാന ടൂറിസ്റ്റ് ലക്ഷ്വറി ബസ്സുകളുടെ അപകടം

248 (3355) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ലക്ഷ്വറി ബസ്സുകൾ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രി സർവ്വീസ് നടത്തുന്ന ബസ്സുകളിൽ രണ്ട് ഡ്രൈവർമാർ വേണമെന്ന മോട്ടോർ വാഹനചട്ടങ്ങളിലെ നിബന്ധന പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ നിബന്ധന കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ റോഡിൽ വാഹനപരിശോധന നടത്തുന്ന വേളയിൽ ഈ വിഷയം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്.

സൂപ്പർക്ലാസ്സ് പെർമിറ്റ് റൂട്ടുകൾ

249 (3356) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്റൂട്ടുകളിൽ സൂപ്പർക്ലാസ്സ് പെർമിറ്റ് റൂട്ടുകളായി എത്രയെണ്ണമാണ് നിശ്ചയിച്ചിട്ടുള്ളത്; അവയേതൊക്കെ;

(ബി) പ്രസ്തുത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നിശ്ചയിച്ചുകൊണ്ട് എന്നാണ് സർക്കാർ ഉത്തരവായത്; ഈ ഉത്തരവ് സർക്കാർ പുനഃപരിശോധിച്ചിട്ടുണ്ടോ; അതിൻപ്രകാരം സ്വകാര്യ ബസ്സുകൾക്കും തുടർന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly